ഉത്തരം

(എ) പ്രധാനമായും നദീതീര സംരക്ഷണത്തിനു വേണ്ടി തയ്യാറാക്കുന്ന എല്ലാ പദ്ധതികൾക്കും നദിയിൽ നിന്നും നദീതീരത്തു നിന്നും മണൽ വാരുന്നത് ക്രമീകരിക്കുന്നതിനും നിരോധിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) നദീതീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റെയോ സമഗ്ര വികസനത്തിനും, നദീതീരം സംരക്ഷിക്കുന്നതിനും, നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും കുളിക്കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും, ഓരോ ജില്ലാ വിദഗ്ദ്ധ സമിതികളും ആവശ്യമെങ്കിൽ, ബന്ധപ്പെട്ട കടവു കമ്മിറ്റിയുമായി കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കുന്നു. കൂടാതെ പ്രകൃതി ക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടാകുന്ന അടിയന്തിര ഘട്ടങ്ങളിൽ നദീതീര സംരക്ഷണത്തിന് വേണ്ടിയോ, സർക്കാർ നദീതീരവാസികളുടെ ദുരിതാശ്വാസത്തിനായോ, പുനരധിവാസത്തിനായോ ഉണ്ടാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ നടപ്പാക്കലിന് വേണ്ടിയോ ഉള്ള ഏതൊരു പ്രവർത്തിയും ചെയ്യുന്നതിനും അതിനാവശ്യമായ ചെലവുകൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥയുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട്

19 [2908] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) വിവിധ ജില്ലകളിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഇതുവരെ ചെലവാക്കിയ തുകയും വ്യക്തമാക്കുമോ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ട്, എം.എൽ.എ.-മാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുമായി ആലോചിച്ച് സുതാര്യമായി ചെലവഴിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഇ) റിവർ മാനേജ്മെന്റ് ഫണ്ട്, നദികളുടെയും നദീതീരങ്ങളുടേയും സംരക്ഷണത്തിന് മാത്രമായി ഉപയോഗിക്കുന്നതിനും, പദ്ധതികൾ നിശ്ചയിക്കുവാൻ എം.എൽ.എ.-മാർ ഉൾപ്പെട്ട ജില്ലാതല കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 54,30,88,937 രൂപ. ഓരോ ജില്ലയിൽനിന്നും ഇതുവരെ ലഭിച്ച സംഖ്യയുടെ കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	2,11,10,455
കൊല്ലം	-	3,04,46,702
പത്തനംതിട്ട	-	4,78,16,854
ആലപ്പുഴ	-	56,81,294
കോട്ടയം	-	1,12,28,266
ഇടുക്കി	-	57,35,703
എറണാകുളം	-	7,67,93,315
തൃശ്ശൂർ	-	6,18,38,384
പാലക്കാട്	-	4,95,85,332
മലപ്പുറം	-	13,15,69,771
കോഴിക്കോട്	-	7,89,39,255
വയനാട്	-	14,55,520
കണ്ണൂർ	-	2,01,22,158
കാസറഗോഡ്	-	7,65,928
ആകെ	-	₹ 54,30,88,937

(ബി) നദീതീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റെയോ സമഗ്ര വികസനത്തിനും, നദീതീരം സംരക്ഷിക്കുന്നതിനും, നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും, നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും, പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതികൾ അംഗീകരിച്ചതുമായ പദ്ധതികളായിരിക്കണം.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇതിലേക്ക് നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.

(ഇ) എം. എൽ. എ.-മാരുടെ പ്രൊപ്പോസലുകളും ജില്ലാ വിദഗ്ദ്ധ സമിതികൾ പരിഗണിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly